# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6465** **21.11.2019 -ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുവാൻ നിലവിലുള്ള സംവിധാനം എന്താണ്; | (എ) എഫ്.സി.ഐ.ഡിപ്പോകളിൽ നിന്ന് അരി എടുക്കുന്ന തിന് മുൻപ് എഫ്.സി.ഐ.യുടെ ക്വാളിറ്റി കൺട്രോൾ ഓഫീസർ, ലിഫ്റ്റിംഗ് ഏജൻസിയായ സപ്ലൈകോയുടെ അസിസ്റ്റൻറ് മാനേജർ/ ജൂനിയർ മാനേജർ (ക്യൂ.എ) എന്നിവരടങ്ങുന്ന വിദഗ്ധ സംഘം ഗുണമേന്മ പരിശോധന നടത്തി ഗുണനിലവാരമുള്ള ലോട്ടുകൾ ലിഫ്റ്റിംഗിനായി മാർക്ക് ചെയ്യുന്നു. പ്രസ്തുത ലോട്ടുകളുടെ 3 സാമ്പിളുകൾ ശേഖരിക്കുകയും അവ സീൽ ചെയ്ത് പ്രത്യേകമായി സൂക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം വിട്ടെടുക്കുന്ന അരി താൽക്കാലികമായി സപ്ലൈകോ ഡിപ്പോകളിൽ സൂക്ഷിക്കുകയും ഗുണനിലവാര പരിശോധന ഇടയ്ക്കിടയ്ക്ക് നടത്തുകയും ചെയ്യുന്നു. |
| ബി) ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാര മില്ലായ്മയെ സംബന്ധിച്ച് ഈ അദ്ധ്യയന വർഷം എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്; | ബി) എഫ്. സി. ഐ. കഴക്കൂട്ടം ഡിപ്പോ, മീനങ്ങാടി ഡിപ്പോ എന്നി വിടങ്ങളിൽ നിന്ന് നടപ്പുവർഷം രണ്ടാം പാദത്തിലെ വിതരണ ത്തിനായി ലഭിച്ചതും സപ്ലൈകോയുടെ നെടുമങ്ങാട്, കല്പറ്റ, സുൽത്താൻബത്തേരി,മാനന്തവാടി ഡിപ്പോകൾവഴി സ്കൂളുകൾക്ക് വിതരണം ചെയ്തതുമായ അരിയുടെ ഗുണമേന്മയെക്കുറിച്ച് പരാതി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈ വിഷയം എഫ്. സി. ഐ റീജണൽ മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഗുണനിലവാര മില്ലാത്ത അരി തിരിച്ചെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് മികച്ച ഗുണനിലവാരമുള്ള ഭക്ഷ്യധാന്യം അനുവദിക്കുന്നകാര്യത്തിൽ ജാഗ്രത പാലിക്കാൻ എഫ്.സി.ഐ. റീജണൽ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) സ്കൂൾ കുട്ടികൾക്ക് പഴവർഗ്ഗങ്ങൾ കൂടി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചി ട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ